പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3461 — 23.06.2014 ൽ മറുപടിക്ക്

## വൃദ്ധജനങ്ങളുടെ സുരക്ഷയും അവകാശസംരക്ഷണവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി<br>" സി. മോയിൻകുട്ടി<br>" കെ.എം. ഷാജി<br>" എൻ. ഷംസുദ്ദീൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) വൃദ്ധജനങ്ങളുടെ സുരക്ഷയും അവകാശങ്ങളും ഉറപ്പുവരുത്തുന്ന കാര്യത്തിൽ പോലീസ്‌വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) വൃദ്ധജനങ്ങളുടെ സുരക്ഷയ്ക്കായി സീനിയർ സിറ്റിസൺ ബ്യൂറോകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുമായി ബന്ധപ്പെട്ട് ഹെൽപ് ലൈനുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വൃദ്ധജനങ്ങളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് കേരള പോലീസിൽ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് സീനിയർ സിറ്റിസൺ പ്രൊട്ടക്ഷൻ സ്കീം. ഇതിന്റെ ഭാഗമായി 14 ജില്ലകളിൽ ജില്ലാ പോലീസ് ഓഫീസ് സമുച്ചയത്തോടൊപ്പം സീനിയർ സിറ്റിസൺ സർവ്വീസ് ബ്യൂറോ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) അവർ നൽകുന്ന പരാതികളിൽ സത്വര അന്വേഷണവും തുടർനിയമ നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) വൃദ്ധജനങ്ങളുടെ പരാതികളിൽ സത്വര അന്വേഷണം നടത്തുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഹെൽപ് ലൈനുകൾ പ്രവർത്തിക്കുന്നുണ്ട്. ഹെൽപ് ലൈനുകളിലൂടെ ലഭിക്കുന്ന പരാതികളിൽ വളരെ വേഗത്തിൽ തന്നെ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) വൃദ്ധർമാത്രം താമസിക്കുന്ന വീടുകൾ കണ്ടെത്തി അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ? | (സി) ഓരോ പോലീസ് സ്റ്റേഷനുകളിലും വൃദ്ധജനങ്ങളുടെയും, നിരാലംബരായ മുതിർന്ന പൗരന്മാരുടെയും പേരു വിവരങ്ങളും ഫോൺ നമ്പരുകളും മറ്റ് |

വിശദാംശങ്ങളും അടങ്ങുന്ന "Register of Senior Citizen" എന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചുവരുന്നു. മാസത്തിലൊരിക്കൽ അതാത് പോലീസ് സ്റ്റേഷനുകളിൽ നിന്നും പൊതുപ്രവർത്തകരുടെ സഹകരണത്തോടെ ഇത്തരത്തിൽ നിരാലംബരായ ആളുകളെ പോലീസ് സന്ദർശിക്കുകയും സുരക്ഷക്കാവശ്യം വേണ്ടുന്ന ഉപദേശങ്ങളും, നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും ചെയ്തുവരുന്നു.

സെക്ഷൻഓഫീസർ